# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചാലക്കുടി നഗരസഭയിൽ നിന്നും യു.ഡി.ക്ലാർക്ക് തസ്തികയിൽ വിരമിച്ച ശ്രീ.പി.കെ.സുബ്രമണ്യൻ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം.485/2019 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24/05/2019 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1966/2019/തസ്വഭവ　　　　　　തീയതി, തിരുവനന്തപുരം : 07/09/2019

പരാമർശം : 1) ശ്രീ.പി.കെ.സുബ്രമണ്യൻ (റിട്ട.യു.ഡി.ക്ലാർക്ക്, ചാലക്കുടി നഗരസഭ) 19/12/2018 തീയതിയായി സമർപ്പിച്ചിട്ടുള്ള നിവേദനം (അനക്ഷർ - എ 6).

2) ഒ.എ (ഇ.കെ.എം) നം.485/2019 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24/05/2019 തീയതിയിലെ വിധിന്യായം.

3) നഗരകാര്യ ഡയറക്ടറുടെ 25/07/2019 തീയതിയിലെ പി11-20159/15 നമ്പർ കത്ത്.

## ഉത്തരവ്

പെൻഷൻ ആനുകൂല്യങ്ങൾ മുൻകാല പ്രാബല്യത്തോടെ അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ച് ചാലക്കുടി നഗരസഭയിൽ നിന്നും 29/02/2008 ൽ യു.ഡി.ക്ലാർക്ക് തസ്തികയിൽ വിരമിച്ച ശ്രീ.പി.കെ.സുബ്രമണ്യൻ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം.485/2019 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള വിധിന്യായത്തിൽ, ആ മാസം മുതൽ അപേക്ഷകന് പ്രതിമാസ പെൻഷൻ തുടർന്നു നൽകുന്നതിന് മൂന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുകയും അനക്ഷർ-എ 6 നിവേദനം പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ രണ്ടാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കൂടാതെ മൂന്നാം എതിർകക്ഷി പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിന് കെ.എസ്.ആർ ഭാഗം III റൂൾ 120 പ്രകാരം ഒന്നാം എതിർകക്ഷിയ്ക്ക് അപേക്ഷ സമർപ്പിക്കുവാനും വിധിന്യായം ലഭിച്ച് മൂന്നുമാസത്തിനകം തീർപ്പാക്കുവാനും നിർദ്ദേശിച്ചിട്ടുമുണ്ട്. ഇതുപ്രകാരം ഒന്നാം എതിർകക്ഷിയുടെ ഉത്തരവിനുവിധേയമായി പെൻഷൻ കുടിശ്ശിക തുക കണക്കാക്കി ആയത് അപേക്ഷകന് നൽകുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

2) ബഹു.ട്രൈബ്യൂണലിന്റെ മേൽ വിധിന്യായത്തിൽ പരാമർശിക്കുന്ന അനക്ഷർ -എ 6 നിവേദനം സർക്കാർ വിശദമായി പരിശോധിക്കുകയും ശ്രീ.പി.കെ.സുബ്രമണ്യൻ പെൻഷൻ ആനുകൂല്യത്തിനായുള്ള അപേക്ഷ നഗരകാര്യ ഡയറക്ടറേറ്റിൽ സമർപ്പിച്ച തീയതിയായ 07/09/2015 മുതൽ മുൻകാല പ്രാബല്യം നൽകികൊണ്ട് പെൻഷൻ അനുവദിക്കാവുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 23/04/2018 ലെ ഇയു3/138/2019/തസ്വഭവ നമ്പർ സർക്കാർ കത്തുപ്രകാരം നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് ടിയാനെ അറിയിച്ചിട്ടുള്ളതുമാണ്.

3) മേൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ചുവടെച്ചേർക്കുന്ന പ്രകാരം റിപ്പോർട്ട് ചെയ്തു.

"ചാലക്കുടി നഗരസഭയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിൽ 29/02/2008 ൽ വിരമിച്ച തനിക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ലായെന്ന് കാണിച്ച് ശ്രീ.പി.കെ.സുബ്രമണ്യൻ 07/09/2015 ന് നഗരകാര്യ ഡയറക്ടർക്ക് അപേക്ഷ

സമർപ്പിക്കുകയുണ്ടായി. ആയതിന്മേൽ തുടർ നടപടി സ്വീകരിച്ച് ടിയാന്റെ വെരിഫിക്കേഷൻ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ ചാലക്കുടി നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടതിൻപ്രകാരം ടിയാന്റെ സർവ്വീസ് ബുക്കും പെൻഷൻ ബുക്കും സംസ്ഥാന ഓഡിറ്റിന്റെ വെരിഫിക്കേഷൻ റിപ്പോർട്ട് സഹിതം 02/06/2017 ൽ നഗരകാര്യ ഡയറക്ടറേറ്റിൽ ലഭിക്കുകയുണ്ടായി., ടി വെരിഫിക്കേഷൻ റിപ്പോർട്ടിൽ ടിയാന് 2,798/- രൂപയാണ് പെൻഷൻ ശിപാർശ ചെയ്തിരുന്നത്. ടിയാൻ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം.214/2016 മേലുള്ള 30/01/2016 ലെ വിധിന്യായത്തിൽ, ടി വിധിന്യായം ലഭിച്ച് രണ്ടു മാസത്തിനകം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ടി വിധിന്യായം നഗരകാര്യ ഡയറക്ടറേറ്റിൽ ലഭ്യമായത് 08/05/2017 നാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന് നഗരകാര്യ ഡയറക്ടറുടെ 07/06/2017 ലെ പി11-20159/15 നമ്പർ ഉത്തരവ് നടപടിക്രമം പ്രകാരം പെൻഷൻ, ഡി.സി.ആർ.ജി എന്നിവ അനുവദിച്ച നൽകിയിരുന്നു. ടി കേസിന്മേലുള്ള പ്രസ്തുത വിധിന്യായത്തിൽ ടിയാന് 01/07/2017 തീയതി മുതൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച നൽകാനാണ് ഉത്തരവായിരുന്നത്. കെ.എസ്.ആർ ഭാഗം III റൂൾ 120 പ്രകാരം വിരമിച്ച കഴിഞ്ഞ് മൂന്നു വർഷത്തിനുശേഷം പെൻഷൻ അനുവദിക്കുന്ന വിഷയങ്ങളിൽ മുൻകാല പ്രാബല്യത്തോടെ പെൻഷൻ അനുവദിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്, ആയത് ലഭിച്ചശേഷം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണെന്നും ടി ഉത്തരവിൽ പരാമർശിച്ചിരുന്നു.

ശ്രീ.പി.കെ.സുബ്രമണ്യന്റെ പെൻഷൻ കമ്മ്യൂട്ടേഷൻ ശിപാർശ ചെയ്തുകൊണ്ടുള്ള വെരിഫിക്കേഷൻ റിപ്പോർട്ട് 21/04/2018 ന് നഗരകാര്യ ഡയറക്ടറേറ്റിൽ ലഭിച്ചു. ആയത് നഗരകാര്യ ഡയറക്ടറുടെ 24/04/2018 ലെ പി11-20159/15 നമ്പർ ഉത്തരവ് നടപടിക്രമം പ്രകാരം അനുവദിച്ച നൽകുകയും ചെയ്തിരുന്നു. ശ്രീ.പി.കെ.സുബ്രമണ്യന്, ടിയാൻ പെൻഷൻ ആനുകൂല്യത്തിനായുള്ള അപേക്ഷ നഗരകാര്യ ഡയറക്ടറേറ്റിൽ സമർപ്പിച്ച തീയതിയായ 07/09/2015 മുതൽ മുൻകാല പ്രാബല്യം നൽകികൊണ്ട്, പെൻഷൻ അനുവദിക്കുന്നതിന് 23/04/2018 ലെ ഇയു3/138/2016/തസ്വഭവ നമ്പർ സർക്കാർ കത്തുപ്രകാരം ലഭിച്ച നിർദ്ദേശത്തെ തുടർന്ന് ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾക്ക് 07/09/2015 തീയതി മുതൽ മുൻകാല പ്രാബല്യം നൽകി നഗരകാര്യ ഡയറക്ടറുടെ 02/07/2018 ലെ പി11-20159/15 നമ്പർ ഉത്തരവ് നടപടിക്രമം പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ടിയാന് ചാലക്കുടി നഗരസഭയിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ നൽകാനാണ് ഉത്തരവായിരുന്നത്. നഗരസഭയിൽ നിന്നും ടിയാൻ റിട്ടയർ ചെയ്ത 29/02/2008 തീയതിയ്ക്ക് അനുസൃതമായി 01/03/2008 മുതലാണ് ടിയാന് മിനിമം പെൻഷൻ ഇനത്തിൽ 8,500/- രൂപയും പെൻഷൻ ആനുകൂല്യമിനത്തിൽ 7,27,360/- രൂപ കുടിശ്ശികയായും അനുവദിച്ച് ഉത്തരവ് നൽകിയിട്ടുള്ളത്.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ CP(EKM) No.64/2018 in OA(EKM) No.214/2016 മേലുള്ള 12/07/2018 ലെ ഇടക്കാല ഉത്തരവിൽ ശ്രീ.പി.കെ.സുബ്രമണ്യന്റെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ടിയാന്റെ പെൻഷൻ 2009, 2014 വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന് വിധേയമായി പുതുക്കി നൽകേണ്ടത് നഗരസഭാതലത്തിലാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പുതുക്കി നൽകുവാൻ നഗരസഭയ്ക്ക് നിർദ്ദേശം നൽകുകയും ആയതിന് മറുപടിയായി നഗരസഭ ടിയാന് പെൻഷൻ ഇനത്തിൽ നൽകിയ തുകകളുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 01/03/2018 മുതൽ മിനിമം പെൻഷൻ ഇനത്തിൽ തുക നൽകിയതിനാൽ 2009, 2014 വർഷങ്ങളിലെ പെൻഷൻ പരിഷ്കരണം കഴിഞ്ഞ് നൽകേണ്ടതായ തുകയേക്കാൾ കൂടുതൽ തുക നൽകിക്കഴിഞ്ഞിട്ടുള്ളതായി നഗരസഭ അറിയിച്ചിട്ടുണ്ട്. ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ ശിപാർശ ചെയ്തുകൊണ്ടുള്ള വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമായപ്പോൾതന്നെ പെൻഷൻ അനുവദിച്ച നൽകിയിട്ടുള്ളതാണെന്നും, നഗരകാര്യ ഡയറക്ടറുടെ 15/02/2018 ലെ പി6/18226/2016 നമ്പർ ഉത്തരവ് നടപടിക്രമം പ്രകാരം ചാലക്കുടി നഗരസഭയ്ക്ക് 82,20,602/- രൂപ പെൻഷൻ

അലോട്ട്മെന്റായി അനുവദിച്ചു നൽകിയിട്ടുണ്ട്".

4) പരാമർശം (1) പ്രകാരമുള്ള അനക്ഷർ - എ 6 നിവേദനം സംബന്ധിച്ച് ഉചിതമായ ഉത്തരവ്, ടി വിധിന്യായം ലഭിച്ച് മൂന്നുമാസത്തിനകം പുറപ്പെടുവിക്കണമെന്നാണ് പരാമർശം (2) പ്രകാരമുള്ള വിധിന്യായത്തിൽ ബഹു.ട്രൈബ്യൂണൽ, ടി കേസിലെ ഒന്നാം എതിർകക്ഷിയായിട്ടുള്ള സർക്കാരിനോട് നിർദ്ദേശിച്ചിട്ടുള്ളത്. അനക്ഷർ-എ 6 എന്നത് ചാലക്കുടി നഗരസഭയിൽ നിന്നും 29/02/2008 ൽ യു.ഡി.ക്ലാർക്ക് തസ്തികയിൽ റിട്ടയർ ചെയ്ത തനിക്ക് പെൻഷൻ തുക 01/03/2008 തീയതി വെച്ച് മുൻകാല പ്രാബല്യത്തോടെ അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് ശ്രീ.പി.കെ.സുബ്രമണ്യൻ 19/12/2018 തീയതിയായി സർക്കാരിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയാണ്. ആയത് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.പി.കെ.സുബ്രമണ്യന്, ടിയാൻ പെൻഷൻ ആനുകൂല്യത്തിനായുള്ള അപേക്ഷ നഗരകാര്യ ഡയറക്ടറേറ്റിൽ സമർപ്പിച്ച തീയതിയായ 07/09/2015 മുതൽ മുൻകാല പ്രാബല്യം നൽകികൊണ്ട്, പെൻഷൻ അനുവദിക്കുന്നതിന് 23/04/2018 ലെ ഇയു3/138/2016/തസ്വഭവ നമ്പർ സർക്കാർ കത്തുപ്രകാരം ലഭിച്ച നിർദ്ദേശത്തെ തുടർന്ന് ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾക്ക് 07/09/2015 തീയതി മുതൽ മുൻകാല പ്രാബല്യം നൽകി നഗരകാര്യ ഡയറക്ടറുടെ 02/07/2018 ലെ പി11-20159/15 നമ്പർ ഉത്തരവ് നടപടിക്രമം പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ടിയാന് ചാലക്കുടി നഗരസഭയിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ നൽകാനാണ് ഉത്തരവായിരുന്നത് എന്നതിനാൽ നഗരസഭയിൽ നിന്നും ടിയാൻ വിരമിച്ച 29/02/2008 തീയതിയ്ക്ക് അനുസൃതമായി 01/03/2008 മുതൽ ടിയാന് മിനിമം പെൻഷൻ ഇനത്തിൽ 8,500/- രൂപയും പെൻഷൻ ആനുകൂല്യമിനത്തിൽ 7,27,360/- രൂപ കുടിശ്ശികയായും അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

5) പരാമർശം (2) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ആർ.എസ്.കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചാലക്കുടി നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ